**മധുരമായ കുട്ടികളെ - ബാബയോട് സത്യസന്ധമായിരിക്കൂ, തന്റെ സത്യം സത്യമായ ചാർട്ട് വെയ്ക്കൂ, ഒരിക്കലും ആർക്കും ദുഃഖം നൽകരുത്, ഒരു ബാബയുടെ ശ്രേഷ്ഠ നിർദ്ദേശത്തിലൂടെ നടന്നുകൊണ്ടിരിക്കൂ.**

**ചോദ്യം:-** ആരാണോ പൂർണ്ണമായും 84 ജന്മങ്ങൾ എടുക്കുന്നവർ, അവരുടെ പുരുഷാർത്ഥം എന്തായിരിക്കും?
**ഉത്തരം:-** അവരുടെ വിശേഷ പുരുഷാർത്ഥം നരനിൽ നിന്ന് നാരായണനാകുന്നതിന്റേതായിരിക്കും. അവർക്ക് തങ്ങളുടെ കർമ്മേന്ദ്രിയങ്ങളിൽ പൂർണ്ണ നിയന്ത്രണമുണ്ടായിരിക്കും. അവരുടെ കണ്ണുകൾ ക്രിമിനലായിരിക്കില്ല. അഥവാ ഇപ്പോഴും ആരെയെങ്കിലും കാണുന്നതിലൂടെ വികാരി ചിന്ത വരുന്നുണ്ട്, ദൃഷ്ടി ക്രിമിനലാകുന്നുണ്ടെങ്കിൽ പൂർണ്ണമായും 84 ജന്മമെടുക്കുന്ന ആത്മാവല്ല എന്ന് മനസ്സിലാക്കാം.

***ഗീതം:-*** ഈ പാപത്തിന്റെ ലോകത്ത് നിന്ന്. . . .

**ഓം ശാന്തി**. മധുര-മധുരമായ ആത്മീയ കുട്ടികൾക്കറിയാം ഇത് പാപത്തിന്റെ ലോകമാണ്. പുണ്യത്തിന്റെ ലോകത്തെയും മനുഷ്യർക്കറിയാം. മുക്തിയും-ജീവൻമുക്തിയും പുണ്യത്തിന്റെ ലോകത്തെയാണ് പറയുന്നത്. അവിടെ പാപമുണ്ടാകുന്നില്ല. പാപമുണ്ടാകുന്നത് ദുഃഖധാമം രാവണ രാജ്യത്തിലാണ്. ദുഃഖം നൽകുന്ന രാവണനെയും കണ്ടിട്ടുണ്ട്, രാവണൻ ഒരു വസ്തുവല്ല എന്നിട്ടും കോലം കത്തിക്കുന്നു. കുട്ടികൾക്കറിയാം നമ്മൾ ഈ സമയം രാവണ രാജ്യത്തിലാണ്, പക്ഷെ അരികിലേക്ക് മാറിയിരിക്കുന്നു. നമ്മൾ ഇപ്പോൾ പുരുഷോത്തമ സംഗമയുഗത്തിലാണ്. കുട്ടികൾ എപ്പോൾ ഇവിടേക്ക് വരുന്നോ അപ്പോൾ ബുദ്ധിയിൽ വരുന്നു-നമ്മൾ ആ ബാബയുടെ അടുത്തേക്കാണ് പോകുന്നത് ആരാണോ നമ്മളെ മനുഷ്യനിൽ നിന്ന് ദേവതയാക്കുന്നത്. സുഖധാമത്തിന്റെ അധികാരിയാക്കുന്നു. സുഖധാമത്തിന്റെ അധികാരിയാക്കുന്നത് ഒരു ബ്രഹ്മാവല്ല, ഒരു ദേഹധാരിയുമല്ല. അത് ശിവബാബയാണ്, ആ ബാബയ്ക്ക് ശരീരമില്ല. ദേഹം നിങ്ങൾക്കുമില്ലായിരുന്നു, എന്നാൽ നിങ്ങൾ പിന്നീട് ദേഹമെടുത്ത് ജനന-മരണത്തിലേക്ക് വരുന്നു നിങ്ങളിപ്പോൾ മനസ്സിലാക്കുന്നു നമ്മൾ പരിധിയില്ലാത്ത ബാബയുടെ അടുത്തേക്കാണ് പോകുന്നത്. ബാബ നമുക്ക് ശ്രേഷ്ഠമായ മതം നൽകുന്നു. ഇങ്ങനെയുള്ള പുരുഷാർത്ഥം ചെയ്യുന്നതിലൂടെ നിങ്ങൾക്ക് സ്വർഗ്ഗത്തിന്റെ അധികാരിയാകാൻ സാധിക്കും. സ്വർഗ്ഗത്തെ എല്ലാവരും ഓർമ്മിക്കുന്നുണ്ട്. മനസ്സിലാക്കുന്നുണ്ട് പുതിയ ലോകം തീർച്ചയായും ഉണ്ട്. അതും സ്ഥാപിക്കുന്ന ആരെങ്കിലും തീർച്ചയായും ഉണ്ടാകും. നരകവും ആരോ സ്ഥാപിക്കുന്നതാണ്. നിങ്ങളുടെ സുഖധാമത്തിലെ പാർട്ട് എപ്പോഴാണ് പൂർത്തിയാകുന്നത്, അതും നിങ്ങൾക്കറിയാം. പിന്നീട് രാവണ രാജ്യത്തിൽ നിങ്ങൾ ദുഃഖിയാകാൻ തുടങ്ങുന്നു. ഈ സമയം ഇതാണ് ദുഃഖധാമം. ഇനി എത്ര തന്നെ കോടിപതിയോ ലക്ഷാധിപതിയോ ആകട്ടെ എന്നാലും തീർച്ചയായും പതിത ലോകമെന്നല്ലേ പറയുക. ഇത് ദരിദ്ര ലോകമാണ്, ദുഃഖീ ലോകമാണ്. ഇനി എത്ര തന്നെ വലിയ-വലിയ കെട്ടിടങ്ങളുണ്ടാകട്ടെ, സുഖത്തിനുള്ള സാധനങ്ങളുണ്ടാകട്ടെ എന്നാലും പറയും പതിത പഴയലോകമെന്ന്. വിഷയ വൈതരണീ നദിയിൽ മുങ്ങിതാഴ്ന്നുകൊണ്ടിരിക്കുന്നു. വികാരത്തിലേക്ക് പോകുന്നത് പാപമാണെന്ന് പോലും മനസ്സിലാക്കുന്നില്ല. പറയുന്നു ഇതില്ലാതെ എങ്ങനെ സൃഷ്ടി വൃദ്ധി പ്രാപിക്കും. വിളിക്കുന്നുമുണ്ട്- ഹേ, ഭഗവൻ അല്ലയോ പതിത-പാവനാ വന്ന് ഈ പതിത ലോകത്തെ പാവനമാക്കൂ. ആത്മാവാണ് പറയുന്നത് ശരീരത്തിലൂടെ. ആത്മാവ് തന്നെയാണ് പതിതമായിരിക്കുന്നത് അതുകൊണ്ടാണ് വിളിക്കുന്നത്. സ്വർഗ്ഗത്തിൽ ഒരാൾ പോലും പതിതമായി ഉണ്ടായിരിക്കില്ല.

നിങ്ങൾ കുട്ടികൾക്കറിയാം അതായത് സംഗമയുഗത്തിൽ ആരാണോ നല്ല പുരുഷാർത്ഥികൾ അവർ മനസ്സിലാക്കുന്നു നമ്മൾ 84 ജന്മം എടുത്തിട്ടുണ്ട് വീണ്ടും ഈ ലക്ഷ്മീ നാരായണനോടൊപ്പം തന്നെ നമ്മൾ സത്യയുഗത്തിൽ രാജ്യം നടത്തും. ഒരാൾ തീർച്ചയായും 84 ജന്മം എടുത്തിട്ടുണ്ടായിരിക്കില്ലേ. രാജാവിനോടൊപ്പം പ്രജകളും വേണ്ടേ. നിങ്ങൾ ബ്രാഹ്മണരിലും നമ്പർവൈസാണ്. ചിലർ രാജാ-റാണിയാകുന്നു, ചിലർ പ്രജ. ബാബ പറയുന്നു കുട്ടികളെ ഇപ്പോൾ തന്നെ നിങ്ങൾക്ക് ദൈവീകഗുണം ധാരണ ചെയ്യണം. ഈ കണ്ണുകൾ ക്രിമിനലാണ്, ചിലരെ കാണുന്നതിലൂടെ വികാരത്തിന്റെ ദൃഷ്ടി പോകുന്നു എങ്കിൽ അവർക്ക് 84 ജന്മം ഉണ്ടായിരിക്കില്ല. അവർക്ക് നരനിൽ നിന്ന് നാരായണനാകാൻ സാധിക്കില്ല. എപ്പോൾ ഈ കണ്ണുകളുടെ മേൽ വിജയം നേടുന്നോ അപ്പോൾ കർമ്മാതീത അവസ്ഥ ഉണ്ടാകും. എല്ലാ ആധാരവും കണ്ണുകളിലാണ്, കണ്ണുകൾ തന്നെയാണ് ചതിക്കുന്നത്. ആത്മാവ് ഈ

ജനാലയിലൂടെയാണ് കാണുന്നത്, ഇതിലാണെങ്കിൽ രണ്ടാത്മാക്കളുണ്ട്. ബാബയും ഈ ജനാലകളിലൂടെയാണ് കണ്ടുകൊണ്ടിരിക്കുന്നത്. എന്റെ ദൃഷ്ടി ആത്മാവിലേക്കാണ് പോകുന്നത്. ബാബ ആത്മാവിന് തന്നെയാണ് മനസ്സിലാക്കി തരുന്നത്. പറയുന്നു ഞാനും ശരീരമെടുത്തിരിക്കയാണ്, അപ്പോഴാണ് സംസാരിക്കാൻ സാധിക്കുന്നത്. നിങ്ങൾക്കറിയാം ബാബ നമ്മളെ സുഖത്തിന്റെ ലോകത്തേക്ക് കൊണ്ടു പോകുകയാണ്. ഇത് രാവണ രാജ്യമാണ്. നിങ്ങൾ ഈ പതിത ലോകത്തിൽ നിന്ന് കര കയറിയിരിക്കുന്നു. ചിലർ വളരെയധികം മുന്നേറിയിരിക്കുന്നു, ചിലർ അവസാനം പിറകിലേക്ക് പോയിരിക്കുന്നു. ഓരോരുത്തരും പറയുന്നുമുണ്ട് അക്കരെയെത്തിക്കൂ ഇപ്പോൾ അക്കരെ സത്യയുഗത്തിലേക്ക് പോകും. എന്നാൽ അവിടെ പദവി ഉയർന്നത് നേടണമെങ്കിൽ പവിത്രമാകണം. പരിശ്രമിക്കണം. മുഖ്യമായ കാര്യമാണ്, ബാബയെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം നശിക്കും. ഇതാണ് ആദ്യത്തെ വിഷയം.

ഇപ്പോൾ നിങ്ങൾക്കറിയാം നമ്മൾ ആത്മാക്കൾ അഭിനേതാക്കളാണ്. ഏറ്റവും ആദ്യം നമ്മൾ സുഖധാമത്തിലേക്ക് വന്നു പിന്നീട് ഇപ്പോൾ ദുഃഖധാമത്തിൽ എത്തിയിരിക്കുന്നു. ഇപ്പോൾ ബാബ വീണ്ടും സുഖധാമത്തിലേക്ക് കൊണ്ടുപോകാൻ വന്നിരിക്കുന്നു. പറയുന്നു എന്നെ ഓർമ്മിക്കൂ, പവിത്രമാകൂ. ആർക്കും ദുഃഖം നൽകരുത്. പരസ്പരം വളരേ ദുഃഖം നൽകിക്കൊണ്ടിരിക്കുന്നു. ചിലരിൽ കാമം വന്നു, ചിലരിൽ ക്രോധത്തിന്റെ ഭൂതം വന്നു, കൈയ്യോങ്ങി. ബാബ പറയും ഇത് ദുഃഖം നൽകുന്ന പാപ ആത്മാവാണ്. എങ്ങനെ പുണ്യാത്മാവാകും. ഇപ്പോഴും പാപം ചെയ്തുകൊണ്ടേയിരിക്കുന്നു. ഇത് പേര് മോശമാക്കലാണ്. എല്ലാവരും എന്ത് പറയും! പറയുന്നത് ഞങ്ങളെ ഭഗവാൻ പഠിപ്പിക്കുന്നു! ഞങ്ങൾ മനുഷ്യനിൽ നിന്ന് ദേവത വിശ്വത്തിന്റെ അധികാരിയാകുന്നു! അവർ പിന്നെ അങ്ങനെയുള്ള പണി ചെയ്യുമോ! അതുകൊണ്ടാണ് ബാബ പറയുന്നത് ദിവസവും രാത്രിയിൽ തന്നെ നോക്കൂ. അഥവാ സത്പുത്രരാണെങ്കിൽ ചാർട്ട് അയക്കും. ഇനി ചിലർ ചാർട്ടെഴുതുന്നുണ്ട്, എന്നാൽ അതിൽ ഇതെഴുതുന്നില്ല അതായത് ഞാൻ ആർക്കെങ്കിലും ദുഃഖം നൽകിയോ അഥവാ ഈ തെറ്റ് ചെയ്തു എന്നത്. ഓർമ്മിച്ചുകൊണ്ടുമിരിക്കുക, തലകീഴായ കർമ്മം ചെയ്തുകൊണ്ടുമിരിക്കുക, ഇത് ശരിയല്ല. തെറ്റായ കർമ്മം ചെയ്യുന്നത് അപ്പോഴാണ് എപ്പോഴാണോ ദേഹാഭിമാനിയാകുന്നത്.

ഈ ചക്രം എങ്ങനെയാണ് കറങ്ങുന്നത്– ഇത് വളരെ സഹജമാണ്. ഒരു ദിവസം കൊണ്ട് പോലും ടീച്ചറാകാൻ സാധിക്കും. ബാബ നിങ്ങൾക്ക് 84 ന്റെ രഹസ്യം മനസ്സിലാക്കി തരികയാണ്, പഠിപ്പിക്കുകയാണ്. പിന്നീട് പോയി അതിൽ മനനം ചെയ്യണം. നമ്മൾ എങ്ങനെയാണ് 84 ജന്മങ്ങളെടുക്കുന്നത്? ഈ പഠിപ്പിക്കുന്ന ടീച്ചറിൽ നിന്ന് ദൈവീക ഗുണവും കൂടുതൽ ധാരണ ചെയ്തെടുക്കാം. ബാബയ്ക്ക് തെളിയിച്ച് പറഞ്ഞ് തരാൻ സാധിക്കും. കാണിക്കാറുണ്ട് ബാബാ എന്റെ ചാർട്ട് നോക്കൂ ഞാൻ അല്പം പോലും ആർക്കും ദുഃഖം നൽകിയില്ല. ബാബ പറയും ഈ കുട്ടി വളരെ മധുരമാണ്. നല്ല സുഗന്ധം പരത്തിക്കൊണ്ടിരിക്കുന്നു. ടീച്ചറാകുക സെക്കന്റിന്റെ കാര്യമാണ്. ടീച്ചറെക്കാളും വിദ്യാർത്ഥികൾ ഓർമ്മയുടെ യാത്രയിൽ മുന്നേറിപ്പോകാറുണ്ട്. അപ്പോൾ ടീച്ചറെക്കാളും ഉയർന്ന പദവി നേടും. ബാബ ചോദിക്കാറുണ്ട് ആരെയെങ്കിലും പഠിപ്പിക്കുന്നുണ്ടോ? ദിവസവും ശിവക്ഷേത്രത്തിൽ പോയി പഠിപ്പിക്കൂ. ശിവബാബ എങ്ങനെയാണ് വന്ന് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നത്? സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്നു. മനസ്സിലാക്കി കൊടുക്കാൻ വളരെ എളുപ്പമാണ്. ബാബയ്ക്ക് ചാർട്ടയച്ചുകൊടുക്കാറുണ്ട് – ബാബാ എന്റെ അവസ്ഥ ഇങ്ങനെയാണ്. ബാബ ചോദിക്കുന്നു കുട്ടീ വികർമ്മമൊന്നും ചെയ്യുന്നില്ലല്ലോ? ക്രിമിനൽ ദൃഷ്ടി തലതിരിഞ്ഞ കർമ്മമൊന്നും ചെയ്യിക്കുന്നില്ലല്ലോ? തന്റെ പെരുമാറ്റവും, സ്വഭാവവും നോക്കണം. പെരുമാറ്റത്തിന്റെ മുഴുവൻ ആധാരവും കണ്ണുകളിലാണ്. കണ്ണുകൾ അനേക പ്രകാരത്തിലുള്ള ചതിവ് നൽകുന്നുണ്ട്. ചോദിക്കാതെ ചെറിയൊരു സാധനമെടുത്ത് കഴിച്ചാൽ പോലും പാപമാകുന്നു എന്തുകൊണ്ടെന്നാൽ അനുവാദമില്ലാതെയല്ലേ എടുത്തത്. ഇവിടെ നിയമങ്ങൾ ധാരാളമുണ്ട്. ശിവബാബയുടെ യജ്ഞമല്ലേ. നിയോഗിക്കപ്പെട്ടവരോട് ചോദിക്കാതെ ഒന്നും കഴിക്കാൻ പാടില്ല. ഒരാൾ കഴിച്ചാൽ മറ്റുള്ളവരും കഴിക്കാൻ തുടങ്ങും. വാസ്തവത്തിൽ ഇവിടെ ഒരു വസ്തുവും ഉള്ളിൽ പൂട്ടി വെയ്ക്കേണ്ട ആവശ്യമില്ല. നിയമം പറയുന്നത് ഈ വീടിനുള്ളിൽ, അടുക്കളയുടെ സമീപം അപവിത്രരായ ആരും വരരുത്. പുറമെയാണെങ്കിൽ അപവിത്രം-പവിത്രമെന്ന ചോദ്യമേയില്ല. എന്നാൽ പതിതമെന്ന് സ്വയത്തെ പറയുന്നില്ലേ. എല്ലാവരും പതിതരാണ്. വല്ലഭാചാരിയെ അഥവാ ശങ്കരാചാര്യരെ ആർക്കും തൊടാൻ പോലും സാധിക്കില്ല എന്തുകൊണ്ടെന്നാൽ അവർ മനസ്സിലാക്കുന്നത് ഞങ്ങൾ പാവനമാണ്, ഇവർ പതിതമാണ് എന്നാണ്. ഇവിടെ എല്ലാവരുടെയും ശരീരം പതിതമാണ് എന്നാലും പുരുഷാർത്ഥമനുസരിച്ച് വികാരങ്ങളെ സന്യസിക്കുന്നുണ്ട്. അതുകണ്ടാണ് നിർവ്വികാരികളുടെ മുന്നിൽ വികാരി മനുഷ്യർ തലകുനിക്കുന്നത്. പറയുന്നു ഇവർ വളരെ സ്വച്ഛവും ധർമ്മാത്മാവുമായ മനുഷ്യനാണ്.

സത്യയുഗത്തിൽ മ്ലേച്ഛരുണ്ടാകുകയേയില്ല. ലോകം തന്നെ പവിത്രമാണ്. ഒരേഒരു വിഭാഗമാണുള്ളത്. നിങ്ങൾക്ക് ഈ എല്ലാ രഹസ്യങ്ങളെയും അറിയാം. തുടക്കം മുതൽ സൃഷ്ടിയുടെ ആദി-മദ്ധ്യ -അന്ത്യത്തിന്റെ രഹസ്യം ബുദ്ധിയിലുണ്ടായിരിക്കണം. നമുക്ക് എല്ലാം അറിയാം. ബാക്കി ഒന്നും തന്നെ അറിയാനില്ല. രചയിതാവായ ബാബയെ അറിഞ്ഞു, സൂക്ഷ്മവതനത്തെ അറിഞ്ഞു, ഭാവിയിലെ പദവിയെക്കുറിച്ച് അറിഞ്ഞു, അതിന് വേണ്ടിയാണ് പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നത് പിന്നീട് പെരുമാറ്റവും അതുപോലെതന്നെയാകുകയാണെങ്കിൽ ഉയർന്ന പദവി നേടാൻ സാധിക്കും. ആർക്കെങ്കിലും ദുഃഖം നൽകുന്നുണ്ടെങ്കിൽ, വികാരത്തിലേക്ക് പോകുന്നുണ്ട്, മോശമായ ദൃഷ്ടി വയ്ക്കുന്നുണ്ടെങ്കിൽ ഇതും പാപമാണ്. ദൃഷ്ടി മാറുക വളരെ പരിശ്രമമുണ്ട്. ദൃഷ്ടി വളരെ നല്ലതായിരിക്കണം. കണ്ണുകൾ കാണുന്നു - ഇവർ ക്രോധിക്കുകയാണ് അപ്പോൾ സ്വയവും യുദ്ധത്തിനൊരുങ്ങുന്നു. ശിവബാബയോട് അൽപം പോലും സ്നേഹമില്ല, ഓർമ്മിക്കുന്നതേയില്ല. സമർപ്പണം ശിവബാബയിലാണ്. സമർപ്പണം ഗുരു അങ്ങയിലാണ്. . . സമർപ്പണം ആ സത്ഗുരുവിലാണ് ആരാണോ ഗോവിന്ദ ശ്രീകൃഷ്ണന്റെ സാക്ഷാത്ക്കാരം ചെയ്യിപ്പിച്ചത്. ഗുരുവിലൂടെ നിങ്ങൾ ഗോവിന്ദനാകുന്നു. കേവലം സാക്ഷാത്ക്കാരത്തിലൂടെ മുഖം മധുരിക്കില്ല. മീരയുടെ മുഖം എന്താ മധുരിച്ചോ? ശരിക്കും സ്വർഗ്ഗത്തിലേക്ക് പോയില്ലല്ലോ. അതാണ് ഭക്തി മാർഗ്ഗം, അതിനെ സ്വർഗ്ഗത്തിന്റെ സുഖമെന്ന് പറയില്ല. കേവലം ഗോവിന്ദനെ കാണുകയല്ല വേണ്ടത്, അതുപോലെയാകണം. നിങ്ങൾ ഇവിടെ വന്നിരിക്കുന്നത് അതുപോലെയാകാനാണ്. ഈ ലഹരി ഉണ്ടായിരിക്കണം നമ്മൾ അവരുടെ അടുത്തേക്കാണ് പോകുന്നത്, ആരാണോ നമ്മളെ ഇതുപോ ലെയാക്കുന്നത്. അതുകൊണ്ട് ബാബ എല്ലാവർക്കും നിർദ്ദേശം നൽകുകയാണ് ചാർട്ടിൽ ഇതുകൂടി എഴുതൂ - കണ്ണുകൾ ചതിച്ചില്ലല്ലോ? പാപം ചെയ്തില്ലല്ലോ? കണ്ണുകൾ ഏതെങ്കിലുമെല്ലാം കാര്യത്തിൽ തീർച്ചയായും ചതിവ് നൽകുന്നുണ്ട്. കണ്ണുകൾ തീർത്തും ശീതളമായി മാറണം. സ്വയം അശരീരി എന്ന് മനസ്സിലാക്കൂ. ഈ കർമ്മാതീത അവസ്ഥ അന്തിമത്തിൽ ഉണ്ടാകുന്നതും അപ്പോഴാണ് എപ്പോഴാണോ ബാബയ്ക്ക് ചാർട്ടയച്ചുകൊടുക്കുന്നത്. ധർമ്മരാജന്റെ രജിസ്റ്ററിൽ എല്ലാം തന്നെ ഓട്ടോമാറ്റിക്കായി വരും. എന്നാൽ ബാബ എപ്പോഴാണോ സാകാരത്തിൽ വന്നിരിക്കുന്നത് അപ്പോൾ സാകാരത്തിൽ അറിയണം. എങ്കിൽ ജാഗ്രത വെയ്ക്കും. ക്രിമിനൽ ദൃഷ്ടി അഥവാ ദേഹാഭിമാനമുള്ളവരുണ്ടെങ്കിൽ വായുമണ്ഡലത്തെ അശുദ്ധമാക്കും. ഇവിടെ ഇരുന്നിട്ട് പോലും ബുദ്ധിയോഗം പുറത്തേക്ക് പോകുന്നു. മായ വളരെയധികം ചതിക്കുന്നു. മനസ്സ് വളരെ ആടി ഉലയുന്നതാണ്. എത്ര പരിശ്രമിക്കണം ഇതാകാൻ വേണ്ടി. ബാബയുടെ അടുത്ത് വരുന്നു, ബാബ ആത്മാവിനെ ജ്ഞാനത്തിന്റെ അലങ്കാരം ചെയ്യിക്കുന്നു. മനസ്സിലാക്കുന്നു നമ്മൾ ജ്ഞാനത്തിലൂടെ പവിത്രമാകും. പിന്നീട് ശരീരവും പവിത്രമായത് ലഭിക്കും. ആത്മാവും ശരീരവും രണ്ടും പവിത്രമായി സത്യയുഗത്തിലാണ് ഉണ്ടായിരിക്കുക. പിന്നീട് അരകൽപത്തിന് ശേഷം രാവണരാജ്യ മുണ്ടാകുന്നു. മനുഷ്യർ പറയും ഭഗവാൻ എന്തുകൊണ്ടാണ് ഇങ്ങനെ ചെയ്തത്? ഈ അനാദി നാടകം ഉണ്ടാക്കിയിട്ടുള്ളതാണ്. ഭഗവാൻ ഒന്നും ചെയ്തിട്ടില്ല. സത്യയുഗത്തിലുള്ളത് ഒരു ദേവീ-ദേവതാ ധർമ്മം മാത്രമാണ്. ചിലർ പറയാറുണ്ട് ഇങ്ങനെയുള്ള ഭഗവാനെ നമ്മളെന്തിന് ഓർമ്മിക്കണം. എന്നാൽ നിങ്ങൾക്ക് മറ്റ് ധർമ്മങ്ങളുമായി ഒരു വിരോധവുമില്ല. ആരാണോ മുള്ളായത് അവർ തന്നെ വന്ന് പുഷ്പമാകും. മനുഷ്യർ പറയും എന്താ ഭഗവാൻ ഭാരതവാസികളെ മാത്രമാണോ സ്വർഗ്ഗത്തിലേക്ക് കൊണ്ട് പോകുന്നത്, ഞങ്ങൾ അംഗീകരിക്കില്ല. എന്താ ഭഗവാന് രണ്ട് കണ്ണില്ലേ! എന്നാൽ ഈ നാടകം ഉണ്ടാക്കിയിട്ടുള്ളതാണ്. എല്ലാവരും സ്വർഗ്ഗത്തിലേക്ക് വരികയാണെങ്കിൽ പിന്നെങ്ങനെ അനേകം ധർമ്മങ്ങളുടെ പാർട്ട് നടക്കും? സ്വർഗ്ഗത്തിൽ ഇത്രയും കോടി ഉണ്ടായിരിക്കില്ല. ഭഗവാൻ ആരാണ് ഇതാണ് ഏറ്റവും ആദ്യത്തെ മുഖ്യമായ കാര്യം, ഭഗവാനെ മനസ്സിലാക്കൂ. ഇത് മനസ്സിലാക്കിയിട്ടില്ലെങ്കിൽ അനേകം ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കും. സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കുകയാണെങ്കിൽ പറയും ഈ കാര്യം ശരിയാണ്. നമുക്ക് തീർച്ചയായും പതിതത്തിൽ നിന്ന് പാവനമാകണം. ഓർമ്മിക്കേണ്ടത് ഒരു ബാബയെയാണ്. എല്ലാ ധർമ്മത്തിലും ഭഗവാനെ ഓർമ്മിക്കുന്നുണ്ട്.

നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ ഈ ജ്ഞാനം ലഭിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ഈ സൃഷ്ടി ചക്രം എങ്ങനെയാണ് കറങ്ങുന്നതെന്ന്. നിങ്ങൾ എത്രയാണ് പ്രദർശിനിയിലും മനസ്സിലാക്കി കൊടുക്കുന്നത്. ലഭിക്കുന്നത് വളരെ കുറച്ച് പേരെയാണ്. അതുകൊണ്ട് ചെയ്യേണ്ട എന്ന് ഒരിക്കലും പറയില്ല. ഡ്രാമയിൽ ഉണ്ടായിരുന്നു, ചെയ്തു, ചില സ്ഥലത്ത് പ്രദർശിനിയിലൂടെ വരുന്നുമുണ്ട്. ചില സ്ഥലത്ത് വരുന്നില്ല. മുന്നോട്ട് പോകവെ വരും, ഉയർന്ന പദവി നേടാനുള്ള പുരുഷാർത്ഥവും ചെയ്യും. ആർക്കെങ്കിലും കുറഞ്ഞ പദവിയാണ് നേടാനുള്ളതെങ്കിൽ അത്രയും പുരുഷാർത്ഥം ചെയ്യില്ല. ബാബ കുട്ടികൾക്ക് വീണ്ടും മനസ്സിലാക്കി തരികയാണ്, വികർമ്മം ഒന്നും ചെയ്യരുത്. ഇതും നോട്ട് ചെയ്യൂ ഞാൻ ആർക്കും ദുഃഖം നൽകിയില്ലല്ലോ? ആരോടും അടി-വഴക്ക് കൂടിയില്ലല്ലോ? തലതിരിഞ്ഞൊന്നും പറഞ്ഞില്ലല്ലോ? അകർത്തവ്യങ്ങളൊന്നും ചെയ്തില്ലല്ലോ? ബാബ പറയുന്നു വികർമ്മം എന്താണോ

ചെയ്തിട്ടുള്ളത് അത് എഴുതൂ. ഇതറിയാമല്ലോ ദ്വാപരം മുതൽ വികർമ്മം ചെയ്ത് ഇപ്പോൾ ധാരാളം വികർമ്മമായിരിക്കുന്നു. ബാബയ്ക്ക് എഴുതി നൽകുന്നതിലൂടെ ഭാരം കുറയും. എഴുതാറുണ്ട് ഞാൻ ആർക്കും ദുഃഖം നൽകുന്നില്ല. ബാബ പറയും നല്ലത്, ചാർട്ടെടുത്ത് വന്നാൽ നോക്കാം. ബാബ നേരിട്ട് നോക്കാൻ വിളിക്കുന്നതും അങ്ങനെയുള്ള നല്ലകുട്ടികളെയാണ്. സത്പുത്രരായ കുട്ടികളെ ബാബ വളരെ സ്നേഹിക്കുന്നു. ബാബയ്ക്കറിയാം ഇപ്പോൾ ആരും സമ്പൂർണ്ണരായിട്ടില്ല. ബാബ ഓരോരുത്തരേയും നോക്കുന്നുണ്ട്, എങ്ങനെയാണ് പുരുഷാർത്ഥം ചെയ്യുന്നത്. കുട്ടികൾ ചാർട്ടഴുതുന്നില്ലെങ്കിൽ തീർച്ചയായും എന്തോ കുറവുണ്ട്, അത് ബാബയിൽ നിന്ന് ഒളിപ്പിക്കുന്നു. ശരിയായ സത്യസന്ധരെന്ന് അവരെയാണ് മനസ്സിലാക്കുക ആരാണോ ചാർട്ടെഴുതുന്നത്. ചാർട്ടിനോടൊപ്പം പിന്നീട് സ്വഭാവ ഗുണം കൂടി വേണം. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യസാരം-

1) സ്വയത്തെ ഭാരരഹിതമാക്കുന്നതിന് വേണ്ടി എന്തെല്ലാം വികർമ്മങ്ങൾ സംഭവിച്ചിട്ടുണ്ടോ, അത് ബാബയ്ക്ക് എഴുതി നൽകണം. ഇപ്പോൾ ആർക്കും ദുഃഖം നൽകരുത്. സത്പുത്രരായി കഴിയണം.

2) തന്റെ ദൃഷ്ടിയെ വളരെ നല്ലതാക്കണം. കണ്ണുകൾ ചതിക്കരുത് - ഇതിൽ സൂക്ഷിക്കണം. തന്റെ പെരുമാറ്റം വളരെ-വളരെ നല്ലതാക്കി വെയ്ക്കണം. കാമ-ക്രോധത്തിന് വശപ്പെട്ട് ഒരുപാപവും ചെയ്യരുത്.

## വരദാനം : ലക്ഷ്യവും ലക്ഷ്യസ്ഥാനവും സദാ സ്മൃതിയിൽ വെച്ചുകൊണ്ട് തീവ്ര പുരുഷാർത്ഥം ചെയ്യുന്ന സദാ ഹോളിയും സന്തോഷവാനുമായി (ഹാപ്പി) ഭവിക്കട്ടെ.

ബ്രാഹ്മണ ജീവിതത്തിന്റെ ലക്ഷ്യ മാണ് ഒരു പരിധിയില്ലാത്ത ആധാരത്തിന്റെയും ആശ്രയം ഇല്ലാതെ സാദാ ആന്തരീക സന്തോഷത്തിൽ ഇരിക്കുക എന്നുള്ളത്. ഈ ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ചു കൊണ്ട് പരിധിയുള്ള പ്രാപ്തികളുടെ ചെറിയ ചെറിയ ഇടവഴികളിലൂടെ പോവുകയാണെങ്കിൽ യഥാർത്ഥ ലക്ഷ്യസ്ഥാനം ദൂരമുള്ളതായി ഭവിക്കും, അതിനാൽ എന്തുതന്നെ സംഭവിച്ചാലും പരിധിയുള്ള പ്രാപ്തികളെ ത്യാഗം ചെയ്യേണ്ടി വന്നാലും അവയെ വിട്ടു കൊണ്ട് പരിധിയില്ലാത്ത സന്തോഷം കൈ വിടാതെ സൂക്ഷിക്കുക. ഹോളി ആയും സന്തോഷവാനായി ഭവിക്കട്ടെ എന്ന് വരദാനം സ്മൃതിയിൽ വെച്ചുകൊണ്ട് തീവ്ര പുരുഷാർത്ഥത്തിലൂടെ അവിനാശി പ്രാപ്തികളെ ലഭ്യമാക്കൂ.

## സ്ലോഗൻ: ഗുണ മൂർത്തി ആയി കൊണ്ട് ഗുണങ്ങളെ ദാനം ചെയ്തുകൊണ്ടിരിക്കൂ, ഇതുതന്നെയാണ് വലിയ സേവനം.

**അവ്യക്ത സൂചന: സഹജയോഗിയായി മാറുന്നതിനു വേണ്ടി പരമാത്മ സ്നേഹത്തിന്റെ അനുഭവിയായി മാറൂ.**

മാസ്റ്റർ നോളേജ് ഫുൾ, മാസ്റ്റർ സർവ്വ ശക്തിവാൻ എന്നുള്ള സ്റ്റേജിൽ സ്ഥിതി ചെയ്തു കൊണ്ട് വിവിധ പ്രകാരത്തിലുള്ള ക്യൂവിൽ നിന്നും മാറി നിൽക്കുക ബാബയോടൊപ്പം സദാ മിലനം ആഘോഷിക്കുന്ന ലഹരിയിൽ തന്റെ സമയത്തെ ഉപയോഗിക്കുക ലൗലീന സ്ഥിതിയിൽ സ്ഥിതിചെയ്യൂ അപ്പോൾ ബാക്കി എല്ലാ കാര്യങ്ങളും സഹജമായി സമാപ്തമാവുകയും താങ്കളുടെ മുന്നിൽ താങ്കളുടെ പ്രജകളുടെയും ഭക്തരുടെയും ക്യൂ കാണപ്പെടും.